**A** **902**

# സമഗ്ര ശിക്ഷാ, കേരളം
# വാർഷിക മൂല്യനിർണ്ണയം 2024-25

## മലയാളം
## കേരളപാഠാവലി

ക്ലാസ് : 9

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**
**(1 സ്കോർ വീതം)** **(4 X 1 = 4)**

1. 'ആരോഗ്യം വീണ്ടെടുത്തു എന്നു തോന്നിയപ്പോൾ കൂടുതുറന്ന് അയാൾ പറഞ്ഞു.'
"ഇനി പൊയ്ക്കോ!" (തത്തക്കൂട്ട്)
കുട്ടിക്കൃഷ്ണന്റെ പ്രവൃത്തിയിൽ തെളിയുന്നതെന്ത്?
   - തത്തക്കുഞ്ഞിനോടുള്ള ഇഷ്ടക്കുറവ്
   - തത്തക്കുഞ്ഞിനെ സംരക്ഷിക്കാനുള്ള മടി
   - പക്ഷികൾ ഉപദ്രവിക്കുമെന്ന പേടി
   - സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ബോധ്യം

2. ശരിയായി വിഗ്രഹിച്ചെഴുതിയ പദം ഏത്?
   - പ്രേമണാശക്തി - പ്രേരണയുടെ ശക്തി
   - മനുഷ്യശക്തി - മനുഷ്യനാകുന്ന ശക്തി
   - ആവിവണ്ടി - ആവിയും വണ്ടിയും
   - ഹൃദയതാളം - ഹൃദയമെന്ന താളം

3. "കോപമേലരുതേ ജലം തന്നാലും
പാപമുണ്ടാമിവളൊരു ചണ്ഡാലി."
മാതംഗിയുടെ പാപബോധത്തിന്റെ കാരണം എന്താവാം?
   - ഭിക്ഷുവിന്റെ പെരുമാറ്റത്തിലുള്ള സംശയം
   - സ്ത്രീയാണെന്ന അപകർഷബോധം
   - സമൂഹം അടിച്ചേൽപ്പിച്ച അയിത്തചിന്ത
   - ജാതിവിവേചനങ്ങൾക്കെതിരായ അമർഷം

4. വേറിട്ടു നിൽക്കുന്ന പദക്കൂട്ടം ഏത്?
   - കൊന്ന, തെങ്ങ് - കൊന്നത്തെങ്ങ്
   - കരിമ്പന, ഓല - കരിമ്പനയോല
   - പക്ഷി, കുഞ്ഞ് - പക്ഷിക്കുഞ്ഞ്
   - കാക്ക, കൂട്ടം - കാക്കക്കൂട്ടം

(മറുപുറം)

5. 'എന്റെ ജീവിതം എത്രത്തോളം എന്റെ കൈയിലല്ല എന്ന സത്യം ഗാഢമായി നൊന്തറിഞ്ഞ നിമിഷമായിരുന്നു അത്.' (അച്യുതമ്മാമ)

മാധവന്റെ ഈ അവസ്ഥയ്ക്ക് കാരണമെന്ത്?

- സാമ്പത്തികപ്രതിസന്ധിയിൽ തളർന്നു.
- തൊഴിലിലെ സന്തോഷത്തിനിടയിൽ മറ്റുള്ളവരെ മറന്നു.
- മറ്റുള്ളവരുടെ സന്തോഷത്തിനായി മാത്രം ജീവിച്ചു.
- കുടുംബത്തിനായി സമയം കണ്ടെത്താനായില്ല.

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം)** **(2 x2 = 4)**

6. "മരണത്തിനുമേൽ ജീവിതത്തിന്റെ വിളവെടുപ്പു നടത്തിയ രണ്ടു പിഞ്ചുകുഞ്ഞുങ്ങളുടെ ആത്മവിശ്വാസത്തിന്റെ കഥ പറഞ്ഞുതുടങ്ങി."

(മധുരക്കിഴങ്ങിന്റെ രുചി)

അടിവരയിട്ട പ്രയോഗത്തിന്റെ അർഥവ്യാപ്തി വ്യക്തമാക്കുക.

7. "ആരാണിങ്ങനെ
അലങ്കോലമായിക്കിടന്ന വീടിനെ
അടുക്കിപ്പെറുക്കി
വെടിപ്പുള്ളതാക്കിയത്!" (കാണുന്നുണ്ടനേകമക്ഷരങ്ങൾ)

ഇവിടെ വീട്, നാടിന്റെയും പ്രതീകമായി മാറുന്നുണ്ടോ? രണ്ടു നിരീക്ഷണം കുറിക്കുക.

8. "പച്ചക്കല്ലു വിളഞ്ഞുകിടക്കും
ഗിരിശൃംഗത്തിൻ പ്രതിരൂപം." (പുളിമാവു വെട്ടി)

ഈ വരികളിലെ കാവ്യഭംഗി കണ്ടെത്തിയെഴുതുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)** **(5 x4 = 20)**

9. • അവൻ അവിടെയിരുന്ന കൈക്കോട്ടെടുത്ത് പൊക്കിക്കാണിച്ചു. ചെറിയോനേട്ടന് സങ്കടം വന്നു.
"ആ കണ്ടം നീയെടുത്തോടാ."

(മധുരക്കിഴങ്ങിന്റെ രുചി)

ചെറിയോനേട്ടനെപ്പോലെയുള്ള മനുഷ്യർക്ക് സമൂഹത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ കഴിയുമോ? നിങ്ങളുടെ പ്രതികരണം കുറിക്കുക.

10. "നമ്മുടെ സർവകഴിവും ഉപയോഗിക്കാനുള്ള നിശ്ചയത്തോടുകൂടിവേണം ജോലിയെ സമീപിക്കുന്നത്. അത് മറ്റുള്ളവരുടെ സുഖസൗകര്യങ്ങൾ വർധിപ്പിക്കുമെന്ന വിശ്വാസവും നമുക്കുണ്ടാവണം."

(നിങ്ങളും നിങ്ങളുടെ ജോലിയും)

ജോലിയെക്കുറിച്ചുള്ള നിങ്ങളുടെ സ്വപ്നങ്ങൾ, ലേഖകന്റെ ഈ കാഴ്ചപ്പാടിനോട് ചേർന്നു നിൽക്കുന്നതാണോ? വിശദമാക്കുക.

11. • ഡോക്ടർ അടുത്തേക്കു ചെന്നപ്പോൾ തുമ്പിക്കൈ നീട്ടി അദ്ദേഹത്തെ തൊട്ടു. അതിന്റെ ദേഹം ഉലയുന്നതു കണ്ടു. (ആനഡോക്ടർ)

• മക്കളെയും പേരക്കുട്ടികളെയും ഓർത്ത് ഇടയ്ക്കെങ്ങാനും ഭാഗ്യത്തിന്റെ കണ്ണുനിറയുന്നതു കണ്ടാൽ തത്ത വിളി തുടങ്ങും.
"പാക്യം! പാക്യം! എനിക്കു വിശക്കുന്നു."

(തത്തക്കൂട്ട്)

സഹജീവിസ്നേഹത്തിന്റെ മികച്ച മാതൃകകളാണോ രണ്ടു സന്ദർഭവും മുന്നോട്ടു വയ്ക്കുന്നത്? വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

12. • എന്റെ ജീവിതത്തിൽ പല പ്രശ്നങ്ങളുമുണ്ട് എന്ന കാര്യം എന്റെ ചുണ്ടുകൾക്ക് അറിയില്ല. അവ എപ്പോഴും ചിരിച്ചുകൊണ്ടേയിരിക്കും.

(ചാർളിചാപ്ലിൻ )

• സധൈര്യം നിങ്ങൾ തീരുമാനമെടുക്കണം. പരാജയങ്ങളെയും വിജയങ്ങളെയും എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിഞ്ഞിരിക്കണം.

(ഡോ. എ.പി.ജെ. അബ്ദുൾ കലാം)

പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നവർക്ക് കരുത്തും ആത്മവിശ്വാസവും പകരാൻ ഇത്തരം വാക്കുകൾക്ക് കഴിയുമോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

13. • അവരിൽനിന്ന് രണ്ടുകുട്ടികളെ ഗുരു അടുത്തേക്ക് വിളിച്ചു. ദയാപൂർവമായ ചില ചോദ്യങ്ങൾക്കുശേഷം അവരെ ഗുരുവിന്റെ രണ്ടുവശത്തുമായി ഇരുത്തി.

(അരുവിപ്പുറത്തുനിന്ന് ഒരു സന്ദേശം)

• കാണുന്നുണ്ട്
അവരുടെ കണ്ണുകളിൽ;
അനേകമക്ഷരങ്ങൾ.

(കാണുന്നുണ്ടനേകമക്ഷരങ്ങൾ)

രണ്ടു രചനാസന്ദർഭവും വിശകലനം ചെയ്ത് കേരളത്തിലുണ്ടായ സാമൂഹിക മാറ്റങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

14. • കിളിക്കുണ്ടാകാശം കിളിക്കൂടായ്; അതി-
ലുറങ്ങുവാൻ വിടില്ലൊരു കിളിയെയും.

(കിളിക്കൂട്)

• ചെലപ്പോ അതിന്റെ തന്തേം തള്ളേം അന്വേഷിച്ചു വരുമായിരിക്കും. എന്നാപ്പിന്നെ പറന്നുപോകാറാകുമ്പോ കൂടു തുറന്ന് അവരുടെ കൂടെ വിടാലോ.

(തത്തക്കൂട്ട്)

രണ്ടു രചനാഭാഗങ്ങളിലും പ്രകടമാകുന്ന മനോഭാവങ്ങൾ താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (6 സ്കോർ വീതം) (2 x 6 = 12)

15. • തൂമ്പകൊണ്ട് മണ്ണുനീക്കിയതും ചുവന്ന ശംഖുപോലെ മണ്ണിൽ കമിഴ്ന്നുകിടക്കുന്ന കൂറ്റൻ കിഴങ്ങുകൾ! അവർക്ക് അതിലൊന്നും അതിശയം തോന്നിയില്ല. അവർ നഷ്ടങ്ങളെപ്പറ്റി ആ നിമിഷംവരെ ആലോചിക്കുകയോ ആകുലപ്പെടുകയോ ചെയ്തിട്ടില്ല.

(മധുരക്കിഴങ്ങിന്റെ രുചി)

• ചിരിയും പ്രശംസാവചനങ്ങളും പിന്നാലെ പണവും പ്രവഹിച്ചു. പിന്നീട് വേദിയിൽ നിന്നെന്നെ കൊണ്ടുപോകുന്നതിനായി അമ്മ വന്നപ്പോൾ, ആ സാന്നിധ്യം ലഭിച്ച കരഘോഷത്തിന് കാരണമായി.

(ചിരിയുടെ അരങ്ങേറ്റം)

ഈ പാഠഭാഗങ്ങളുടെ വായന ചില തിരിച്ചറിവുകൾ നമുക്ക് നൽകുന്നുണ്ടല്ലോ. അവ അടിസ്ഥാനമാക്കി 'ജീവിതവിജയവും വായനയും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

16. • ഇന്ത്യ സ്വതന്ത്രയാവുന്നു! ഞാനും സ്വതന്ത്രയാവുന്നു! എന്റെ സ്വർണ്ണച്ചിറകുകൾക്ക് എന്തു മാത്രം തിളക്കമാണ്! ഞാൻ പറന്നു കാണാൻ പോകുന്ന ലോകങ്ങൾക്കിനി എഴുന്നൂറു വർണ്ണങ്ങൾ.

(ഖദീജാ മുംതാസ്)

• ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ

(വള്ളത്തോൾ നാരായണമേനോൻ)

മുകളിൽ നൽകിയ പാഠസന്ദർഭവും കാവ്യഭാഗവും വിശകലനം ചെയ്ത് 'സ്വാതന്ത്ര്യം തന്നെ ജീവിതം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

17. ആശയം, പ്രയോഗഭംഗി, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

<u>തൂവൽ</u>

ഉള്ളിലൊരു തൂവലു-
ണ്ടൊരു നീലക്കിളിയുടെ
കണ്ണീരു വീണു നനഞ്ഞ തൂവൽ.
തൂവലെൻ ചോരയിൽ
മുങ്ങിക്കുളിച്ചൊരു
വേദനപ്പാട്ട് മുഖത്തെഴുതി.
പിന്നേതോ കാറ്റിൽ
പറന്നുപോയി
പിന്നെ ഞാൻ
ഒറ്റയ്ക്കിരുന്നു തേങ്ങി.

(കുരീപ്പുഴ ശ്രീകുമാർ)